## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1851 — 05/10/2016-ൽ മറുപടിക്ക്

# ആദിവാസി വിഭാഗങ്ങളിലെ അവിവാഹിതരായ അമ്മമാർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. യു.ആർ. പ്രദീപ് | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | ആദിവാസി വിഭാഗങ്ങൾക്കിടയിൽ എത്ര അവിവാഹിതരായ അമ്മമാർ ഉണ്ട്; | എ) | ആദിവാസി വിഭാഗങ്ങൾക്കിടയിൽ 1070 അവിവാഹിതരായ അമ്മമാർ ഉണ്ട്. |
| ബി) | ഇവരെ പുനരധിവസിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | ബി) | പട്ടിക വിഭാഗത്തിൽപ്പെട്ട അവിവാഹിത അമ്മമാരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് ഇവരുടെ ഭൗതിക ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കിയ പാക്കേജിൽ ഭവന നിർമ്മാണം, വീട് റിപ്പയർ, ജീവനോപാധി പദ്ധതികളായ കറവപ്പശു വളർത്തൽ, . ആട് വളർത്തൽ, കോഴി വളർത്തൽ, കുട്ട-വട്ടി നിർമാണം, തയ്യൽ പരിശീലനം, തയ്യൽ മെഷീൻ വിതരണം, പെട്ടിക്കട നടത്തുന്നതിന് ധനസഹായം എന്നിവ ഉൾപ്പെട്ടിരുന്നു. ഇവയ്ക്ക് പുറമെ പട്ടിക വർഗത്തിൽപ്പെട്ട അവിവാഹിതരായ അമ്മമാർക്ക് *സ്നേഹസ്പർശം* എന്ന പേരിൽ പെൻഷൻ പദ്ധതി സാമൂഹ്യ നീതി വകുപ്പിലെ സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ടി പദ്ധതി പ്രകാരം അവിവാഹിതരായ അമ്മമാർക്ക് 1000/- രൂപ പ്രതിമാസം പെൻഷൻ നൽകി വരുന്നുണ്ട്. കൂടാതെ പട്ടിക വർഗ വികസന വകുപ്പ് 2015-16 ൽ നടപ്പിലാക്കിയിട്ടുള്ള സ്വയം തൊഴിൽ പദ്ധതിയിൽ അവിവാഹിതരായ അമ്മമാർക്ക് മുൻഗണന നൽകി വരുന്നുണ്ട്. കൂടാതെ വനിതാ കമ്മീഷൻ, പോലീസ് വകുപ്പ് എന്നിവരുമായി സഹകരിച്ച് അവിവാഹിതരായ അമ്മമാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. ടി ക്യാമ്പുകളിൽ വച്ച് പോലീസ് ഇരകളിൽ നിന്ന് മൊഴിയെടുത്ത് കേസ് രജിസ്റ്റർ ചെയ്യുകയും ആയത് പ്രകാരം പല അവിവാഹിതരായ അമ്മമാർക്കും പ്രതികളിൽ നിന്നും ജീവനാംശം കിട്ടുകയും ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | ആദിവാസി യുവതികളുടെ നിഷ്കളങ്കതയും അറിവില്ലായ്മയും മുതലെടുത്ത് ലൈംഗികമായി പീഡിപ്പിച്ചവർക്കെതിരെ കർശന ശിക്ഷാ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | സി) | 1989 ലെ പട്ടിക ജാതി / പട്ടിക വർഗ്ഗ അതിക്രമം തടയൽ നിയമം ആദിവാസികൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾ തടയാൻ പര്യാപ്തമാണ്. ഒറ്റപ്പെട്ട സ്ഥലങ്ങളിൽ താമസിക്കുന്ന പട്ടികവർഗത്തിലെ ദുർബലരും നിയമ പരിരക്ഷയെക്കുറിച്ച് അവബോധം ഇല്ലാത്തവർക്കുമാണ് എപ്പോഴും പീഡനങ്ങളും ചൂഷണങ്ങളും അനുഭവപ്പെടുന്നത്. പട്ടികവർഗ്ഗ യുവതികൾക്കെതിരെയുള്ള കേസുകൾ പരിശോധിക്കുന്നതിനും അവലോകനം നടത്തി കർശന നടപടികൾ സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർ ചെയർമാനായി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമ പ്രകാരം വിജിലൻസ് ആൻറ് മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തിച്ചു വരുന്നു. കൂടാതെ സംസ്ഥാന തലത്തിൽ ഇത് മോണിറ്റർ ചെയ്യപ്പെടുകയും ചെയ്യുന്നുണ്ട്. കൂടാതെ സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് മുഖേന നടപടി കൈക്കൊണ്ട് വരുന്നുണ്ട്. ഇതിലൂടെയെല്ലാം ആദിവാസി യുവതികളെ ലൈംഗികമായി പീഡിപ്പിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ